പതിനാലാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 2357 — 05/02/2018 ൽ മറുപടിക്ക്

## കെൽട്രോണിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ 2011-17 കാലയളവിലെ പ്രവർത്തന നേട്ടം എന്തെല്ലാമാണ് വ്യക്തമാക്കുമോ;

(എ) കെൽട്രോണിന്റെ 2011-17 കാലയളവിലെ പ്രവർത്തന നേട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഇക്കാലയളവിൽ കെൽട്രോണിന്റെ ഓരോ വർഷത്തെയും മൊത്തം വിറ്റുവരവ് എത്ര തുകയായിരുന്നുവെന്നും ലാഭം / നഷ്ടം ഓരോ വർഷത്തെയും എത്രയായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(ബി) കെൽട്രോണിന്റെ 2011-17 കാലയളവിലെ വിറ്റുവരവ്, ലാഭം/നഷ്ടം എന്നിവ താഴെപ്പറയുന്ന പ്രകാരമാണ്.

| വർഷം | വിറ്റുവരവ് (രൂപ – കോടിയിൽ ) | ലാഭം/ (നഷ്ടം) (രൂപ – കോടിയിൽ) |
|---|---|---|
| 2011-12 | 296.32 | 9.08 |
| 2012-13 | 306.44 | 14.37 |
| 2013-14 | 311.80 | 5.38 |
| 2014-15 | 295.23 | (12.95) |
| 2015-16 | 410.26 | 13.81 |
| 2016-17 | 380.00 | 7.27(പ്രൊവിഷനൽ) |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെൽട്രോണിന്റെ മൊത്തം വിറ്റുവരവ് എത്രയായിരുന്നുവെന്നും ഇക്കാലയളവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചിരുന്നത് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നത് 2016 മേയ് മാസത്തിലാണ്. 2016-17 സാമ്പത്തിക വർഷത്തിലെ മൊത്തം വിറ്റുവരവ് 380 കോടി രൂപയും പ്രൊവിഷണൽ കണക്കുകൾ പ്രകാരം പ്രസ്തുത സാമ്പത്തിക വർഷത്തിലെ ലാഭം 7.27 കോടി രൂപയുമാണ്. 2017-18 ഡിസംബർ മാസം വരെയുള്ള വിറ്റുവരവ് 203 കോടി രൂപയാണ്.

(ഡി) നിലവിലെ കെൽട്രോൺ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത കെൽട്രോണിന്റെ ബിസിനസുകൾ കുറയ്ക്കുന്നതിനും തദ്വാരാ പ്രവർത്തനം നഷ്ടത്തിലാക്കുന്നതിനും കാരണമായിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് കെൽട്രോണിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും ലാഭത്തിലാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

## KSEDC Ltd ന്റെ 2011 - 12 മുതൽ 2016 - 17 വരെയുള്ള കാലയളവിലെ പ്രധാന പ്രവർത്തന നേട്ടങ്ങൾ

**2011-12**

- 2011 – 12 കാലയളവിൽ 300 കോടി രൂപയുടെ ഓർഡറുകൾ കമ്പനിക്കു ലഭിച്ചു.

**2012 - 13**

- ഇന്ത്യൻ നേവിയുടെ ഓർഡറായ "പ്രോസസർ ബെയ്സ്ഡ് ഗ്രൗണ്ട് മൈൻ (PBGM)" ഉല്പാദനത്തിനുള്ള സംവിധാനങ്ങൾ കരകുളത്ത് കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സിൽ സജ്ജീകരിച്ചു. ഇതിന് 3 കോടി രൂപ സർക്കാർ ധനസഹായം ലഭ്യമായിരുന്നു.
- ഇന്ത്യൻ നേവിയുടെ ഉപയോഗത്തിനായി ഭാരത് ഇലക്ട്രോണിക്സ് ഓർഡർ നൽകുന്ന "സോണാർ അരെ (Sonar Array)" നിർമ്മിക്കുവാനുള്ള സംവിധാനങ്ങൾ കെൽട്രോണിന്റെ അരൂർ യൂണിറ്റിൽ 3 കോടി രൂപ ചിലവിൽ പൂർത്തീകരിച്ചു.
- ഈ സാമ്പത്തിക വർഷത്തിൽ 400 കോടിക്കുമേൽ രൂപയ്ക്കുള്ള ഓർഡറുകൾ ലഭിക്കുകയുണ്ടായി.
- കെൽട്രോണിന്റെ മൂടാടി യൂണിറ്റിൽ LED ലൈറ്റുകളുടെ നിർമാണം ആരംഭിച്ചു.
- കെൽട്രോണിന്റെ മൺവിള യൂണിറ്റിൽ നിർമ്മിക്കുന്ന ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക് DGS&D അംഗീകാരം ലഭിച്ചു.
- ഇന്ത്യൻ നേവിക്കു നൽകുന്ന എക്കോസൗണ്ടർ (ES) പുതുക്കിയ സാങ്കേതിക വിദ്യപ്രകാരം നിർമ്മിച്ച് അംഗീകാരം നേടി. ഈ ഉൽപ്പന്നത്തിന്റെ ഇന്ത്യയിലെ ഏക നിർമ്മാണം കെൽട്രോണിലാണ്.
- NPOL കൊച്ചിയുടെ സാങ്കേതിക സഹായത്തോടെ Under Water Communication System, Distress Sonar for Submarines എന്നീ ഉൽപ്പന്നങ്ങളുടെ വികസനം പൂർത്തിയാക്കി ഉല്പാദനം ആരംഭിച്ചു.
- തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ സിറ്റി സർവിലൻസ് & ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം സ്ഥാപിച്ചു.

**2013 – 14**

- DRDO യുടെ 'Defence Technology Absorption Award 2012' ന് കെൽട്രോൺ കൺട്രോൾസ് അരൂർ അർഹരായി.

- ഇന്ത്യൻ നേവിക്ക് ആവശ്യമായ 'ATLAS Performance Evaluation Array', Own Noice Analyser (ONA) എന്നീ ഉൽപ്പന്നങ്ങളുടെ 10കോടി രൂപയ്ക്കുള്ള ഓർഡർ ഉല്പാദനം പൂർത്തിയാക്കി നൽകി.
- കൂടങ്കുളം ന്യൂക്ലിയർ പവർ പ്ലാന്റ് കമ്മീഷനിംഗ് സാങ്കേതിക സഹായത്തിന് ഒന്നരകോടി രൂപയുടെ ഓർഡർ ലഭിച്ചു.
- ട്രാഫിക് സിഗ്നൽ നിർമ്മിച്ച് സ്ഥാപിക്കുന്ന ബിസിനസിൽ 58% വളർച്ച കൈവരിച്ചു.
- ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ഡ്രൈവർ ടെസ്റ്റ് ട്രാക്ക് സ്ഥാപിക്കാനുള്ള പുതിയ ബിസിനസ് സംരംഭം ആരംഭിക്കുകയും ചെയ്തു.
- ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ സമഗ്ര സുരക്ഷാസംവിധാനം സമയ ബന്ധിതമായി പൂർത്തീകരിച്ചു. ക്ഷേത്രത്തിലെ അമൂല്യ വസ്തുക്കളുടെ 'Digital Archiving' ഓർഡർ നടപ്പിലാക്കി.
- മംഗൾയാൻ ഉൾപ്പെടെ ഐ.എസ്.ആർ.ഒ. യുടെ വിവിധ ബഹിരാകാശ പദ്ധതികളുടെ മോഡ്യൂളുകളുടെ അസംബ്ലിയും ടെസ്റ്റിംങ്ങും കാര്യക്ഷമമായി നിർവ്വഹിച്ചു.
- സ്റ്റേറ്റ് ഡേറ്റാസെന്ററിന്റേയും 'Sec WAN' ന്റേയും ചുമതലയും നടത്തിപ്പും ഏറ്റെടുത്തു. 2013 – 14 ൽ 308 കോടിരൂപയുടെ ഓർഡറുകൾ ലഭിക്കുകയുണ്ടായി.

**2014 – 2015**

- 2014 – 15 ൽ കമ്പനിയ്ക്ക് 337 കോടി രൂപയുടെ ഓർഡറുകൾ ലഭിച്ചു.
- പ്രതിരോധവകുപ്പിനാവശ്യമായ ഉൽപ്പന്നങ്ങളുടെ പരിശോധനകൾക്കായി ESS, ET സംവിധാനങ്ങൾ അരൂർ യൂണിറ്റിൽ സ്ഥാപിച്ചു.
- Under Water Communication System ത്തിന്റെ പുതിയ പതിപ്പായ TRITON ന്റെ വികസനം പൂർത്തിയാക്കി. Echo Sounder Version 3.1, EM Log Version 3 എന്നിവയുടെ വികസനവും C- DAC ന്റെ സാങ്കേതിക സഹായത്തോടെ പൂർത്തിയാക്കി.
- കെൽട്രോൺ പവർ ഇലക്ട്രോണിക്സ് വിഭാഗം വികസിപ്പിച്ച സോളാർ PCU വിന് MNRE അംഗീകാരം ലഭിക്കുകയും ICRA യുടെ ഏറ്റവും ഉയർന്ന സാങ്കേതിക വിദ്യാസ്ഥാനക്രമമായ I-C നേടി MNRE യുടെ അംഗീകരിക്കപ്പെട്ട ചാനൽ പാർട്ണർ ആയിത്തീരുകയും ചെയ്തു.
- കെൽട്രോണിന്റെ സോഫ്റ്റ്‌വെയർ വിഭാഗം ISO 27001, ISO 20000 എന്നീ സർട്ടിഫിക്കേഷനുകൾ നേടി.
- ഫെയ്സ്ബുക്ക്, ടിീറ്റർ എന്നിവയിലൂടെ സോഷ്യൽ മീഡിയ ബ്രാൻഡിംഗിനു തുടക്കമിട്ടു.
- CSR സംരംഭത്തിന്റെ ഭാഗമായി വെള്ളയമ്പലത്ത് ഒരു നവീന ബസ് ഷെൽറ്റർ നിർമ്മിച്ചു നൽകി.

2015 – 2016

- പ്രതിരോധവകുപ്പിന്റെ എല്ലാ ഉൽപ്പന്നങ്ങൾക്കും തുടർച്ചയായ ഓർഡറുകൾ ലഭിച്ചു.
- സർവൈലൻസ് സിസ്റ്റം സ്ഥാപിക്കാൻ ലഭിച്ച വിവിധ പ്രോജക്ടുകളുടെ ഓർഡറുകൾ പൂർത്തിയാക്കി.
- കെ.എസ്.ആർ.റ്റി.സി. ബസുകളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിച്ചു.
- വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിച്ച LED Street Light ഓർഡറുകൾ നടപ്പിലാക്കി.
- KSEB യിൽ നിന്നും അഗളി, ബാണാസുരസാഗർ ഡാം, ബരാപ്പോൾ എന്നിവിടങ്ങളുൽ സോളാർ പവ്വർ പ്ലാന്റ് സ്ഥാപിക്കാനുള്ള 30 കോടി രൂപയുടെ ഓർഡർ ലഭിച്ചു.
- ഗ്രിഡ് ടൈ സോളാർ PV പ്രോജക്ടുകൾക്ക് രാജ്യമെമ്പാടും ഉള്ള 9 ഗവൺമെന്റ് ഏജൻസികളിൽ നിന്ന് പ്രോഗ്രാം അഡ്മിനിസ്ട്രേറ്റർ ആയി MNRE തിരഞ്ഞെടുത്ത 9 ഏജൻസികളിൽ കെൽട്രോണും ഉൾപ്പെടുന്നു.
- കെ.എസ്.ആർ.റ്റി.സി. യുടെ അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും) നടപ്പിലാക്കി.
- കേരള ട്രഷറി WAN 225 ട്രഷറികളെയും അനുബന്ധഓഫീസുകളേയും ബന്ധിപ്പിച്ച് പൂർത്തീകരിച്ചു.
- ASAP – ന്റെ ഡേറ്റാസെന്റർ, UPS, നെറ്റ് വർക്കിംഗ്, നെറ്റ്‌വർക്ക് സെക്യൂരിറ്റി എന്നിവ പൂർത്തിയാക്കി.
- കേരളാ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ E-Governance സംവിധാനത്തിനുള്ള ഓർഡർ നടപ്പിലാക്കി.
- കെൽടോണിന്റെ മൂടാടി യൂണിറ്റിൽ ഡിജിറ്റൽ പ്രോഗ്രാമബിൾ ഹിയറിംഗ് എയ്ഡ് (ശ്രവണ സഹായി) നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ സി- ഡാക്കിൽ നിന്നും സ്വായത്തമാക്കി.

2016–2017

- പ്രതിരോധവകുപ്പിനുവേണ്ടി USHUS, THUSHAR എന്നീ Submarine Sonar Systems വിജയകരമായി വികസിപ്പിച്ച് നടപ്പിലാക്കി.
- സോളാർ പവർ പ്ലാന്റുകളുടെ വിവിധ ഓർഡറുകൾ നടപ്പിലാക്കി.
- തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്പ്യൂട്ടറൈസേഷനുള്ള ഓർഡർ ലഭിച്ചു.
- Motor Vehicle Department - ന്റെ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റത്തിനുള്ള 9 കോടി രൂപയുടെ ഓർഡർ ലഭിച്ചു.

- Vehicle Testing Station സ്ഥാപിക്കാനുള്ള വിവിധ ഓർഡറുകളും MVD യിൽ നിന്നും ലഭിച്ചു.
- ഗുജറാത്തിലെ കക്രപ്പാറിലുള്ള ന്യൂക്ലിയാർ പവർ പ്ലാന്റിനുവേണ്ടി 2 X 500 KVA UPS ന്റെ രണ്ടു സിസ്റ്റം നിർമ്മിച്ചു നൽകി.
- BARC - യ്ക്കു വേണ്ടി 300 KW റെക്ടിഫയർ (14 nos) 200 kw rectifier (6 nos) എന്നിവ നിർമ്മിച്ചു നൽകി പ്രവർത്തനക്ഷമമാക്കി.
- KSEB യുടെ 3.3 MW സോളാർ പവർ പ്ലാന്റ് നിർമിച്ചു നൽകി പ്രവർത്തനമാരംഭിച്ചു.
- പ്രതിരോധവകുപ്പിന് 7933 nos. XBT Probes നിർമ്മിച്ചു നൽകി.
- സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിനുവേണ്ടി 'IT & Communication System' സ്ഥാപിച്ചു നൽകി
- ശബരിമല ക്ഷേത്രം, 31 ജയിലുകൾ, RGCB മുതലായ സ്ഥലങ്ങളിൽ CCTV സിസ്റ്റം സ്ഥാപിച്ചു പ്രവർത്തനക്ഷമമാക്കി നൽകി .
- വിവിധ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും IT ഉപകരണങ്ങൾ നൽകുന്നത് തുടർന്നുവരുന്നു.
- NAAC - ന് Web based സോഫ്റ്റ്‌വെയർ രൂപകൽപന ചെയ്തു വികസിപ്പിച്ചു നടപ്പിലാക്കുന്നതിനു 5.29 കോടി രൂപയുടെ ഓർഡർ ലഭിച്ചു.
- മുടാടി യൂണിറ്റിന് 25000 ഡിജിറ്റൽ പ്രോഗ്രാമബിൾ ഹിയറിംഗ് എയ്ഡിന് ഓർഡർ ലഭിച്ചു. (4.38 കോടി രൂപ) ഇത് ഉൽപാദനം നടത്തി നൽകി.
- നാവിക സേനയ്ക്ക് വേണ്ടി അന്തർവാഹിനിയ്ക്കുള്ള പവര് സപ്ലൈ സംവിധാനം വികസിപ്പിച്ചു.

സെക്രട്ടറി/ഓഫീസർ (signature)